ഇവയ്ക്ക് പുറമേ തലച്ചുമടായും മൃഗങ്ങളെ ഉപയോഗിച്ചും ഏലം തുടങ്ങിയ സുഗന്ധ ദ്രവ്യങ്ങൾ സംസ്ഥാന അതിർത്തികളിലൂടെ കടത്തിക്കൊണ്ട് പോകുന്നത് നിയമാനുസൃതം തടഞ്ഞുവരുന്നു. സാധനങ്ങളുടെ നികുതിനിരക്കുകൾ അയൽസംസ്ഥാനങ്ങളിലേതുമായി ഏകീകരിച്ച് നികുതി വെട്ടിപ്പിന്റെ പ്രവണത തടയുവാൻ ശ്രമിച്ചു വരുന്നു.

(ബി) കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ അസസ്മെന്റ് വിഭാഗം, ഇന്റലിജൻസ് വിഭാഗം, ചെക്ക്പോസ്റ്റ് എന്നിവ വഴി നടത്തിയ പരിശോധനയിൽ കണ്ടു പിടിക്കപ്പെട്ട നികുതിവെട്ടിപ്പിന്റെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഉൽപ്പാദനവിപണന മേഖലകളിലാണ് നികുതി ചോർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ഡി) നികുതി വെട്ടിപ്പിനെപ്പറ്റി വിവരം നൽകുന്നവർക്ക് ഗ്രാന്റ് ഓഫ് റിവാർഡ് റൂൾസ് പ്രകാരം പാരിതോഷികം നൽകുന്നതിന് ഇപ്പോൾത്തന്നെ വ്യവസ്ഥയുണ്ട്.

16 (*222) ദക്ഷിണ റെയിൽവേ കേരളത്തോട് കാണിക്കുന്ന അവഗണന

ശ്രീ. ടി. എസ്. ജോൺ :
ശ്രീ. ആന്റണി രാജു :
ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണ റെയിൽവേ കേരളത്തോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ ഓടുന്ന വണ്ടികളുടെ പഴയ ബോഗികൾ മാറ്റി പുതിയ ബോഗികൾ അനുവദിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിലെ പ്രധാന റെയിൽവേ സ്റ്റേഷനുകൾ ആധുനിക സൗകര്യങ്ങളോടുകൂടി വിപുലീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഡി) കേരളത്തിൽ ട്രെയിൻ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പുതിയ പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) കേരളത്തിന്റെ ആവശ്യങ്ങളോട് കേന്ദ്രത്തിന്റെ പ്രതികരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ : എ. നീലലോഹിതദാസൻ നാടാർ) :

(എ) മംഗലാപുരം-ഷൊർണ്ണൂർ, കൊല്ലം-തിരുവനന്തപുരം റെയിൽവേ ലൈനുകൾ ഇരട്ടിപ്പിക്കുക, കൊല്ലം-ചെങ്കോട്ട മീറ്റർ ഗേജ് റെയിൽവേ ലൈൻ ബ്രോഡ്ഗേജാക്കുക, ഈറോഡ്-എറണാകുളം ലൈൻ വൈദ്യുതീകരണം പൂർത്തിയാക്കുക, എറണാകുളം മുതൽ തിരുവനന്തപുരം വരെയും ഷൊർണ്ണൂർ മുതൽ കാസർഗോഡ് വരെയുമുള്ള റെയിൽവേ ലൈൻ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉവൈദ്യുതീകരിക്കുക, കേരളത്തിലെ റെയിൽവേ കോച്ചുകളുടെ ക്ഷാമം പരിഹരിക്കുക, ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ലെവൽ ക്രോസ്സുകൾ മാറ്റി റെയിൽവേ ഓവർ ബ്രിഡ്ജുകൾ നിർമ്മിക്കുക, കോച്ചു ഫാക്ടറി സ്ഥാപിക്കുക, പഴയ റെയിൽപ്പാതകൾ മാറ്റി പുതിയവ സ്ഥാപിക്കുക തുടങ്ങിയവയാണ് കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുള്ള കാര്യങ്ങൾ.

(ബി) ഉണ്ട്.

(സി) കേരളത്തിലെ പ്രധാന റെയിൽവേ സ്റ്റേഷനുകൾ നവീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എറണാകുളത്ത് ജി.സി.ഡി.എ.യുടെ സഹായത്തോടുകൂടി കർഷക റോഡ് സൈഡിൽ ഒരു ടെർമിനലും, തിരുവനന്തപുരത്ത് പവർഹൗസ് റോഡ് സൈഡിൽ ഒരു ടെർമിനലും സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു കഴിഞ്ഞു.

(ഡി) ഉണ്ട്. ഈറോഡ്-എറണാകുളം, എറണാകുളം-തിരുവനന്തപുരം, ഷൊർണ്ണൂർ-കാസർഗോഡ് റെയിൽവേ ലൈനുകളുടെ വൈദ്യുതീകരണം നടപ്പിലാക്കുക, അങ്കമാലി ശബരിമല ലൈൻ പുനലൂർ വരെ നീട്ടുക, കൊല്ലം ചെങ്കോട്ട റെയിൽവേ ലൈൻ ബ്രോഡ്ഗേജാക്കുക എന്നീ കാര്യങ്ങളിൽ നടപടികൾ ത്വരിതപ്പെടുത്തണമെന്നുമാണ് കേന്ദ്രത്തോട് വീണ്ടും ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ.

(ഇ) കേരളത്തോട് കേന്ദ്രത്തിന്റെ പ്രതികരണം താരതമ്യേന ഭേദമായിരുന്നു. നടപ്പുവർഷത്തെ റെയിൽവേ ബഡ്ജറ്റിൽ 197.64 കോടി രൂപ കേരളത്തിന് വകകൊള്ളിച്ചിട്ടുണ്ട്.

17 (*223) സംയുക്താഭിമുഖ്യത്തിൽ റബ്ബറധിഷ്ഠിത വ്യവസായങ്ങൾ

ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാന്റേഷൻ കോർപ്പറേഷന്റെയും ഫാമിംഗ് കോർപ്പറേഷന്റെയും സംയുക്താഭിമുഖ്യത്തിൽ റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്ലാന്റേഷൻ കോർപ്പറേഷന്റെയും ഫാമിംഗ് കോർപ്പറേഷന്റെയും സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വ്യവസായത്തിന് ആവശ്യമായ അസംസ്കൃത സാധനങ്ങൾ എവിടെ നിന്നെല്ലാം ലഭ്യമാക്കാനാണ് പദ്ധതി ഇട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ റബ്ബർ കർഷകരിൽ നിന്നും വ്യവസായത്തിനാവശ്യമായ റബ്ബർ സംഭരിക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly